# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1175** — 11.06.2019-ൽ മറുപടിക്ക്

## ബാലുശ്ശേരി മണ്ഡലത്തിലെ റോഡുകളുടെ നവീകരണം

**ചോദ്യം**

**ശ്രീ. പുരുഷൻ കടലുണ്ടി**

(എ) 2018-19 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി ബാലുശ്ശേരി മണ്ഡലത്തിൽ എത്ര പൊതുമരാമത്ത് റോഡുകളുടെ നവീകരണപ്രവൃത്തിയാണ് ആരംഭിച്ചിട്ടുള്ളത് എന്നറിയിക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ടെണ്ടർ നടപടികൾ പൂർത്തിയാക്കി ആരംഭിക്കുന്നതിനായി എഗ്രിമെന്റ് ചെയ്ത തീയതിയും വർക്കുകൾ പൂർത്തിയാക്കുന്നതിനായി അനുവദിച്ചിട്ടുള്ള സമയവും അറിയിക്കാമോ ;

(സി) കാലവർഷം ശക്തിപ്രാപിക്കുന്നതിനു മുൻപ് പൂർത്തിയാക്കേണ്ട ഈ പ്രവൃത്തികൾ ആരംഭിക്കുവാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ; പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ;

(ഡി) പ്രവൃത്തികൾ ആരംഭിക്കുന്നതിൽ മനഃപൂർവ്വം കാലതാമസം വരുത്തിയവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ?

**മറുപടി**

**ശ്രീ. ജി.സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

(എ) യും (ബി) യും (സി) യും (ഡി) യും

2018-19 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി ബാലുശ്ശേരി മണ്ഡലത്തിൽ ബാലുശ്ശേരി - കൂരാച്ചുണ്ട് റോഡ് കി.മി 5/000 മുതൽ 11/000 വരെ, മുളിയങ്ങൽ - കൈതക്കൊല്ലി റോഡ് 2/000 മുതൽ 4/500 വരെ എന്നീ രണ്ട് പ്രവൃത്തികൾക്കാണ്അനുമതി നൽകിയിട്ടുള്ളത്. ഈ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ല. ഇതിൽ സാങ്കേതികാനുമതി ലഭിച്ച ബാലുശ്ശേരി - കൂരാച്ചുണ്ട് റോഡ് എന്ന പ്രവൃത്തി തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ ടെണ്ടർ ചെയ്യാൻ കാലതാമസം നേരിട്ടു. ഇപ്പോൾ ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. മുളിയങ്ങൽ - കൈതക്കൊല്ലി റോഡ് പ്രവൃത്തിക്ക് പുതിയ കോസ്റ്റ് ഇൻഡക്സ് പ്രകാരം എസ്റ്റിമേറ്റ് പുതുക്കി നൽകാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രവൃത്തികൾ ആരംഭിക്കുന്നതിൽ മനഃപൂർവ്വം കാലതാമസം വരുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ